**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : **2002**

**13.06.2019 ൽ**

**മറുപടിയ്ക്ക്**

## കരുനാഗപ്പള്ളി കോടതി സമുച്ചയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) കരുനാഗപ്പള്ളി കോടതി സമുച്ചയം നിർമ്മിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്ന നടപടിയുടെ പുരോഗതി എന്താണെന്നും ഏത് സ്ഥലമാണ് ഇതിനായി നിശ്ചയിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) റവന്യൂ വകുപ്പിനു കീഴിലുള്ള കരുനാഗപ്പള്ളി താലൂക്കിൽ തഴവ വില്ലേജിൽ ബ്ലോക്ക് 11-ൽ റീസർവ്വേ 200/4 ൽപ്പെട്ട 39.50 ആർസ് സ്ഥലം കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി ജുഡീഷ്യൽ വകുപ്പിന് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) പ്രസ്തുത സ്ഥലം സംബന്ധിച്ച പരിശോധനകൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) യും പ്രസ്തുത സ്ഥലം സംബന്ധിച്ച് പരിശോധനകൾ പൂർത്തിയാക്കി |
| (സി) സ്ഥലം ഏറ്റെടുക്കാൻ നടപടി പൂർത്തികരിച്ച് കോടതി സമുച്ചയത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എത്രയും വേഗം നടപടി സ്വീകരിക്കുമോ? | (സി) യും കരുനാഗപ്പള്ളി തഹസീൽദാർ സമർപ്പിച്ച പ്രൊപ്പോസലിൽ അപാകതകൾ ഉള്ളതിനാൽ ആയത് പരിഹരിച്ച് സ്ഥലത്തിന്റെ സ്കെച്ച്, മഹസ്സർ എന്നിവ ഉൾപ്പെടുത്തി വിശദമായ പ്രൊപ്പോസൽ കൊല്ലം സബ് കളക്ടർ മുഖേന നൽകുന്നതിന് കരുനാഗപ്പള്ളി തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയത് അടിയന്തിരമായി തഹസീൽദാരിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടി ജില്ലാ കളക്ടർ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ